**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 7** **10-06-2024 - ൽ മറുപടിയ്ക്ക്**

**നഗര പ്രദേശങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്, ശ്രീ. അൻവർ സാദത്ത്, ശ്രീ. റോജി എം. ജോൺ , ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം തുടങ്ങിയ ജില്ലകളിലെ നഗര പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (എ) | അപ്രതീക്ഷിതമായ അതിതീവ്ര വേനൽ മഴയാണ് വെള്ളക്കെട്ട് രൂക്ഷമായതിന്റെ പ്രാഥമിക കാരണമായി വിലയിരുത്തുന്നത്. ജലാശയങ്ങളിലേക്ക് വെള്ളം ഒഴുകിയെത്തുന്നതിനുള്ള മാർഗ്ഗങ്ങളിലൂടെ കടന്നുപൊകാൻ കഴിയാത്തത്ര ജലം എത്തി ചേർന്നു. മൺസൂൺ കാലത്ത് ഉണ്ടാകുന്നതുപോലെയുള്ള മഴ മൺസൂൺ എത്തുന്നതിനു മുൻപായി ലഭിച്ചു.<br><br>മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 16/03/2024 ലെ WM3/66/2024-LSGD പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. മഴക്കാല ശുചീകരണവുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണം നടക്കാത്ത വീടുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ ലിസ്റ്റ് ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ ഫീൽഡ് തലത്തിൽ പരിശോധിച്ച ഡാറ്റ എല്ലാ തദ്ദേശസ്ഥാപന സെക്രട്ടറിമാർക്കും നൽകിയിട്ടുണ്ട്. കൂടാതെ മാലിന്യം നീക്കി ജലസ്രോതസ്സുകളിലെ നീരൊഴുക്ക് സുഗമമാക്കുന്നതിന് തൊഴിലുറപ്പുമായി ബന്ധപ്പെടുത്തി ജലാശയങ്ങളുടെ ശുചീകരണം, ജലാശയങ്ങളിൽ മാലിന്യനിക്ഷേപം നടത്തുന്നവരെ കണ്ടെത്തി ശക്തമായ നിയമനടപടികൾ സ്വീകരിക്കുക, ജലസ്രോതസുകളിലേയ്ക്ക് തുറന്നിട്ടുള്ള മലിനജലകുഴലുകൾ കണ്ടെത്തി അവ അടയ്ക്കുന്നതിനും, മലിനജലം പുറത്തേയ്ക്ക് ഒഴുക്കുന്ന സ്ഥാപനങ്ങളേയും വീടുകളേയും കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും, ശുചീകരണവുമായി ബന്ധപ്പെട്ട ചെറിയ പ്രവൃത്തികളിൽ പൊതുമരാമത്ത് പണിയുടെ ഭാഗമായി ഉൾപ്പെടുത്താൻ കഴിയുന്നവ അങ്ങനെ ഉൾപ്പെടുത്തുകയും ആസ്തികൾ ജിയോടാഗ് ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.മഴക്കാല പൂർവ്വ ശുചീകരണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഊർജ്ജിതമായ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വീഴ്ച സംഭവിച്ചതായി കരുതുന്നില്ല . |
| (ബി) | മഴക്കാല പൂർവ്വ ശുചീകരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഭവിച്ച വീഴ്ചയാണ് ഈ പ്രതിസന്ധിക്ക് പ്രധാന കാരണമെന്ന് കരുതുന്നുണ്ടോ; | (ബി) | അപ്രതീക്ഷിതമായ അതിതീവ്ര വേനൽ മഴയാണ് വെള്ളക്കെട്ട് രൂക്ഷമായതിന്റെ പ്രാഥമിക കാരണമായി വിലയിരുത്തുന്നത്. ജലാശയങ്ങളിലേക്ക് വെള്ളം ഒഴുകിയെത്തുന്നതിനുള്ള മാർഗ്ഗങ്ങളിലൂടെ കടന്നുപൊകാൻ കഴിയാത്തത്ര ജലം എത്തി ചേർന്നു. മൺസൂൺ കാലത്ത് ഉണ്ടാകുന്നതുപോലെയുള്ള മഴ മൺസൂൺ എത്തുന്നതിനു മുൻപായി ലഭിച്ചു.<br><br>മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 16/03/2024 ലെ WM3/66/2024-LSGD പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. മഴക്കാല ശുചീകരണവുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണം നടക്കാത്ത വീടുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ ലിസ്റ്റ് ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ ഫീൽഡ് തലത്തിൽ പരിശോധിച്ച ഡാറ്റ എല്ലാ തദ്ദേശസ്ഥാപന സെക്രട്ടറിമാർക്കും നൽകിയിട്ടുണ്ട്. കൂടാതെ മാലിന്യം നീക്കി ജലസ്രോതസ്സുകളിലെ നീരൊഴുക്ക് സുഗമമാക്കുന്നതിന് തൊഴിലുറപ്പുമായി ബന്ധപ്പെടുത്തി ജലാശയങ്ങളുടെ ശുചീകരണം, ജലാശയങ്ങളിൽ മാലിന്യനിക്ഷേപം നടത്തുന്നവരെ കണ്ടെത്തി ശക്തമായ നിയമനടപടികൾ സ്വീകരിക്കുക, ജലസ്രോതസുകളിലേയ്ക്ക് തുറന്നിട്ടുള്ള മലിനജലകുഴലുകൾ കണ്ടെത്തി അവ അടയ്ക്കുന്നതിനും, മലിനജലം പുറത്തേയ്ക്ക് ഒഴുക്കുന്ന സ്ഥാപനങ്ങളേയും വീടുകളേയും കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും, ശുചീകരണവുമായി ബന്ധപ്പെട്ട ചെറിയ പ്രവൃത്തികളിൽ പൊതുമരാമത്ത് പണിയുടെ ഭാഗമായി ഉൾപ്പെടുത്താൻ കഴിയുന്നവ അങ്ങനെ ഉൾപ്പെടുത്തുകയും ആസ്തികൾ ജിയോടാഗ് ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഊർജ്ജിതമായ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വീഴ്ച സംഭവിച്ചതായി കരുതുന്നില്ല . |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നഗര പ്രദേശങ്ങളിലെ ഓടകളും കാനകളും സമയബന്ധിതമായി വൃത്തിയാക്കാത്തതും | (സി) | **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നഗര പ്രദേശങ്ങളിലെ ഓടകളും കാനകളും സമയബന്ധിതമായി വൃത്തിയാക്കാത്തതും** |

| | | | |
|---|---|---|---|
| | തോട്ടുകളിലെയും ആറുകളിലെയും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യാത്തതും കൊണ്ടാണ് ഒഴുക്ക് തടസപ്പെട്ട് വെള്ളക്കെട്ട് രൂക്ഷമായതെന്ന് കരുതുന്നുണ്ടോ; | | **തോട്ടുകളിലെയും ആറുകളിലെയും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യാത്തതും കൊണ്ട് മാത്രമാണ് വെള്ളക്കെട്ട് രൂക്ഷമായതെന്ന് കരുതുന്നില്ല .**<br><br>**മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി എല്ലാ വകുപ്പുകളുടേയും മിഷനുകളുടേയും ഏകോപനത്തിൽ ചെയ്യുന്നതിന് 16.03.2024 തീയതിയിലെ WM3/66/2024-LSGD നമ്പർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു.**<br><br>**വെള്ളക്കെട്ട് ഉണ്ടാകാതിരിക്കാനായി മലിനമായി കിടക്കുന്ന നീർച്ചാലുകൾ/തോട്ടുകൾ/കുളങ്ങൾ എന്നിവ ശുചീകരിക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. അജൈവ മാലിന്യം പൊതു നിരത്തുകളിൽ ഉപേക്ഷിക്കാതിരിക്കുന്നതിലേക്ക് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഗാർഹിക തലത്തിലും സ്ഥാപനതലത്തിലും വാതിൽപ്പടി ശേഖരണം ശക്തിപ്പെടുത്തിയിട്ടുള്ളതും പൊതു നിരത്തുകളിൽ വേസ്റ്റ് കളക്ഷൻ ബിന്നുകൾ സ്ഥാപിച്ച് കൃത്യമായ ഇടവേളകളിൽ മാലിന്യ നീക്കം നടത്തി വരുന്നതുമാണ്.**<br><br>**എല്ലാ വാർഡുകളിലേയും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ പ്രാഥമികമായി വിലയിരുത്തി കൃത്യമായ കർമ്മപദ്ധതി തയ്യാറാക്കുക, ശുചിത്വമാപ്പിംഗ് ചെയ്യൽ കൂടാതെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 50 വീടുകൾ ഉൾപ്പെടുന്ന ക്ലസ്റ്ററുകൾ രൂപകരിച്ച് ക്ലസ്റ്ററടിസ്ഥാനത്തിൽ മാലിന്യക്കൂനകൾ, വെള്ളക്കെട്ടുകൾ, ഇവ കണ്ടെത്തി ശുചീകരിക്കുന്നതിനും ആവശ്യമായ നടപടികൾ, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മാലിന്യം നീക്കി ജലസ്രോതസുകളിലെ നീരൊഴുക്ക് സുഗമമാക്കുക, ഓടകൾ വൃത്തിയാക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നതിനായി തദ്ദേശസ്ഥാപന തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.** |
| (ഡി) | എങ്കിൽ വെള്ളക്കെട്ട് ഉണ്ടാകാതിരിക്കാൻ സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നഗര പ്രദേശങ്ങളിലെ ഓടകളും കാനകളും സമയബന്ധിതമായി വൃത്തിയാക്കാത്തതും തോട്ടുകളിലെയും ആറുകളിലെയും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യാത്തതും കൊണ്ട് മാത്രമാണ് വെള്ളക്കെട്ട് രൂക്ഷമായതെന്ന് കരുതുന്നില്ല .** |

| | | | | |
|---|---|---|---|---|
| | | | | **മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി എല്ലാ വകുപ്പുകളുടേയും മിഷനുകളുടേയും ഏകോപനത്തിൽ ചെയ്യുന്നതിന് 16.03.2024 തീയതിയിലെ WM3/66/2024-LSGD നമ്പർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു.**<br><br>**വെള്ളക്കെട്ട് ഉണ്ടാകാതിരിക്കാനായി മലിനമായി കിടക്കുന്ന നീർച്ചാലുകൾ/തോടുകൾ/കുളങ്ങൾ എന്നിവ ശുചീകരിക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. അജൈവ മാലിന്യം പൊതു നിരത്തുകളിൽ ഉപേക്ഷിക്കാതിരിക്കുന്നതിലേക്ക് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഗാർഹിക തലത്തിലും സ്ഥാപനതലത്തിലും വാതിൽപ്പടി ശേഖരണം ശക്തിപ്പെടുത്തിയിട്ടുള്ളതും പൊതു നിരത്തുകളിൽ വേസ്റ്റ് കളക്ഷൻ ബിന്നുകൾ സ്ഥാപിച്ച് കൃത്യമായ ഇടവേളകളിൽ മാലിന്യ നീക്കം നടത്തി വരുന്നതുമാണ്.**<br><br>**എല്ലാ വാർഡുകളിലേയും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ പ്രാഥമികമായി വിലയിരുത്തി കൃത്യമായ കർമ്മപദ്ധതി തയ്യാറാക്കുക, ശുചിത്വമാപ്പിംഗ് ചെയ്യൽ കൂടാതെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 50 വീടുകൾ ഉൾപ്പെടുന്ന ക്ലസ്റ്ററുകൾ രൂപകരിച്ച് ക്ലസ്റ്ററടിസ്ഥാനത്തിൽ മാലിന്യക്കൂനകൾ, വെള്ളക്കെട്ടുകൾ, ഇവ കണ്ടെത്തി ശുചീകരിക്കുന്നതിനും ആവശ്യമായ നടപടികൾ, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മാലിന്യം നീക്കി ജലസ്രോതസുകളിലെ നീരൊഴുക്ക് സുഗമമാക്കുക, ഓടകൾ വൃത്തിയാക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നതിനായി തദ്ദേശസ്ഥാപന തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ